പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 83 — 30/06/2015 ൽ മറുപടിക്ക്

## ആശുപത്രികളിൽ സ്പെഷ്യാലിറ്റി യൂണിറ്റ്

| ചോദ്യം<br>**ശ്രീമതി. ജമീല പ്രകാശം**<br>**ശ്രീ.മാത്യു റ്റി.തോമസ്**<br>**,, സി.കെ.നാണു**<br>**,, ജോസ് തെറ്റയിൽ** | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | എത്ര ആശുപത്രികളിലാണ് സ്പെഷ്യാലിറ്റി യൂണിറ്റോടു കൂടിയ ചികിത്സാ സമ്പ്രദായം ഏർപ്പെടുത്താൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്നും എന്നാണ് ഉത്തരവ് പുറപ്പെടുവിച്ചതെന്നും അറിയിക്കുമോ; | (എ) | ആരോഗ്യവകുപ്പിൽ 267 ആശുപത്രികളിൽ സ്പെഷ്യാലിറ്റി യൂണിറ്റോടുകൂടിയ ചികിത്സാ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. 26/05/2014, 01/01/2015 എന്നീ തീയതികളിലെ സ.ഉ.(സാധ)നം. 1669/2014/ആ.കു.വ., സ.ഉ.(സാധ)നം. 4/2015/ആ.കു.വ. പ്രകാരമാണ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്. എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും സ്പെഷ്യാലിറ്റി ഡിപ്പാർട്ട്മെന്റുകൾ ഉണ്ട്. |
| (ബി) | പ്രസ്തുത ഉത്തരവ് അനുസരിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് നാളിതുവരെ നടത്തിയിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ബി) | 06/06/2009 ലെ സ.ഉ.(എം.എസ്.)നം. 152/09/ആ.കു.വ., 15/10/2009 ലെ ജി.ഒ.(എം.എസ്.) നം. 357/2009/ആ.കു.വ എന്നീ ഉത്തരവുകൾ പ്രകാരമാണ് ആരോഗ്യവകുപ്പിൽ സ്പെഷ്യലിസ്റ്റുകളെ നിയമിക്കുന്നത്. സ്പെഷ്യലിറ്റി കേഡറിലേക്ക് ഓപ്ഷൻ സ്വീകരിച്ച് പോയിന്റ് അടിസ്ഥാനത്തിൽ (സർവ്വീസ് സീനിയോറിറ്റി, പി.ജി. യോഗ്യത ലഭിച്ച വർഷം) സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി ജൂനിയർ കൺസൾട്ടന്റ്/കൺസൾട്ടന്റ്/സീനിയർ കൺസൾട്ടന്റ്, ചീഫ് കൺസൾട്ടന്റ് തസ്തികകളിൽ പ്രാരംഭമായി നിയമനം നടത്തിയിട്ടുള്ളതുമാണ്. അതിനു തുടർച്ചയായി നിലവിലുള്ള അസിസ്റ്റന്റ് സർജൻമാരിൽ നിന്നും സ്പെഷ്യാലിറ്റി അടിസ്ഥാനത്തിൽ യോഗ്യതയുള്ളവരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് ജൂനിയർ കൺസൾട്ടന്റുമാരായി നിയമനം നടത്തുന്നു. കൂടാതെ സ്പെഷ്യാലിറ്റിയിൽ സർവ്വീസ് ഡോക്ടർമാരുടെ അഭാവത്തിൽ പി.എസ്.സി. മുഖേന നേരിട്ട് സ്പെഷ്യലിസ്റ്റുകളെ (ജൂനിയർ കൺസൾട്ടന്റ്) ആയി നിയമിച്ചുവരുന്നു. എല്ലാ ആശുപത്രികളിലും സ്പെഷ്യാലിറ്റി യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ